# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*544 — 27.03.2018 ൽ മറുപടിയ്ക്ക്

## കേര വർഷം പരിപാടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.സത്യൻ<br>ശ്രീ. ഇ.പി.ജയരാജൻ<br>ശ്രീ. വി. അബ്ദുറഹിമാൻ<br>ശ്രീ. മുരളി പെരുനെല്ലി | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

എ) കേര കർഷകർ നേരിടുന്ന മുഖ്യപ്രശ്നങ്ങളായ കുറഞ്ഞ ഉദ്പാദനക്ഷമത, ജലസേചന സൗകര്യത്തിന്റെ അഭാവം, വിളവെടുക്കാൻ ആളുകളെ ലഭിക്കാത്ത സാഹചര്യം, വില സ്ഥിരതയില്ലായ്മ, കീടബാധ തുടങ്ങിയവ പരിഹരിക്കാനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് കേര വർഷം പരിപാടിയുടെ ഭാഗമായി നടത്തി വരുന്നത് എന്നറിയിക്കാമോ;

എ) നാളികേരത്തിന്റെ ഉല്പാദനവും, ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ട് വിവിധങ്ങളായ 55 ഇന കർമ്മപദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് മലയാളവർഷം 1193 ചിങ്ങം 1 മുതൽ 1194 ചിങ്ങം 1 വരെ (2017 ചിങ്ങം 1- 2018 ചിങ്ങം 1) 'കേരവർഷ'മായി പ്രഖ്യാപിക്കുകയും ഊർജ്ജിത കർമ്മപരിപാടികൾ നടപ്പിലാക്കുകയും ചെയ്തുവരുന്നു.

പ്രസ്തുത കർമ്മപദ്ധതിയിൽ തെങ്ങിന്റെ ഉൽപാദനക്ഷമതക്കുറവ്, ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത, വിളവെടുപ്പിന് വിദഗ്ധ തൊഴിലാളികളുടെ അഭാവം, രോഗകീടബാധ തുടങ്ങി കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാകാവുന്ന കർമ്മപദ്ധതികൾക്ക് ഊന്നൽ നൽകിയിട്ടുണ്ട്.

സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളീകേര കൃഷി സംരക്ഷണവും, അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ 'കേരഗ്രാമം' എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം സംസ്ഥാനത്ത്

എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. 250 ഹെക്ടർ വീതം കേര കൃഷി വിസ്തൃതിയുള്ള 44 കേര ഗ്രാമങ്ങൾ തെരഞ്ഞെടുത്ത 59 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലായാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. 2018-19 വർഷം 79 കേരഗ്രാമങ്ങളിൽ കൂടി പദ്ധതി വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

നാളികേരവർഷം പ്രമാണിച്ച് 2018-19 വർഷം കൂടുതൽ ബഡ്ജറ്റ് വിഹിതത്തോടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം, കയർ വികസന വകുപ്പ് തുടങ്ങിയ സ്ഥാപനങ്ങളുടെ പദ്ധതികളുമായും കൂട്ടി ഏകോപിപ്പിച്ച് കേരഗ്രാമം പദ്ധതി 2018-19 വർഷം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

അത്യുല്പാദന ശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു.

തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ ഒരു ക്യാമ്പയിൻ അടിസ്ഥാനത്തിൽ അവലംബിക്കുവാനുള്ള പദ്ധതിയും പ്രോജക്ട് അടിസ്ഥാനത്തിൽ അനുമതി നൽകി നടപ്പിലാക്കി വരുന്നു.

കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് നാളികേര വികസനത്തിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു.

നാളികേരത്തിന് വില തകർച്ച അനുഭവപ്പെട്ട സമയത്ത് കേരഫെഡ് മുഖേന പച്ചത്തേങ്ങ സംഭരണം വഴി വിപണിയിൽ ഇടപെട്ട് വില നിയന്ത്രിക്കുവാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഇപ്പോൾ നാളികേരത്തിന് വളരെ മെച്ചമായ വില ലഭിക്കുന്നതിനാൽ പച്ചത്തേങ്ങ സംഭരണം താത്ക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്. വില തകർച്ച അനുഭവപ്പെടുന്ന സമയത്ത് സർക്കാർ കൂടുതൽ വിപുലമായി പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്നതാണ്.

നാളികേരത്തിന് വില സ്ഥിരത ഉറപ്പ്

വരുത്തുവാൻ നാളികേര മൂല്യവർദ്ധനവിനും നാളികേര അധിഷ്ഠിത ചെറുസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു.

ബി) മൂല്യവർദ്ധിതോല്പന്നങ്ങളുടെയും നീരയുടെയും വ്യാപനത്തിനുള്ള പ്രോത്സാഹന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ബി) നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും കേരോല്പന്ന സംസ്കരണത്തിനും വിപണന സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനും കോക്കനട്ട് അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ഘട്ടമെന്ന നിലയ്ക്ക് കോഴിക്കോട് ജില്ലയിലെ കുത്താളി ഫാമിലും, മലപ്പുറം ജില്ലയിലെ മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലക്സിലും ഓരോ കോക്കനട്ട് അഗ്രോപാർക്ക് ആരംഭിക്കുന്നതിന് കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖാന്തിരം നടപടി ആരംഭിച്ചിട്ടുണ്ട്. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഇവിടെ ലഭ്യമാകുന്ന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി നാളികേര മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും, സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്.

കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ നാളികേര വികസന ബോർഡ് (CDB) മുഖേന ടെക്നോളജി മിഷൻ ഓൺ കോക്കനട്ട് (TMOC) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പായ്ക്ക് ചെയ്ത് ബ്രാൻഡ് നാമത്തോടുകൂടിയ വൈവിധ്യങ്ങളായ നാളികേര ഉല്പന്നങ്ങൾ നിർമ്മിക്കുവാനുള്ള സംരംഭങ്ങൾക്ക് പ്രോജക്ട് തുകയുടെ 25% പരമാവധി 50 ലക്ഷം രൂപ bank ended credit capital ആയി ധനസഹായം നൽകുന്നുണ്ട്.

SFAC (സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം) എന്ന പൊതുമേഖലാ സ്ഥാപനം മുഖേന നാളികേര അധിഷ്ഠിത മൂല്യവർദ്ധന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് പ്രോത്സാഹനം നൽകുന്നുണ്ട്. കേരവർഷം പ്രമാണിച്ച് കേര ഗ്രാമങ്ങളിൽ ഇത്തരം മൂല്യവർദ്ധന സംരംഭങ്ങൾ വ്യാപിപ്പിക്കുവാൻ SFAC യുടെ പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനമായ കേരഫെഡ്, കേരവെളിച്ചെണ്ണയ്ക്ക് പുറമേ ഉപോല്പന്നങ്ങളായ കേര ഡെസിക്കേറ്റഡ് കോക്കനട്ട്, കേര ചമന്തിപ്പൊടി, കേരമിൽക്ക് പൗഡർ, കേരജം, കേരാമൃത്, ഹെർബൽ ഓയിൽ മുതലായവ നിർമ്മിച്ച് വിപണിയിലിറക്കിയിട്ടുണ്ട്. കേര വെളിച്ചെണ്ണയും, ഉപോല്പന്നങ്ങളും കേരള മാർക്കറ്റിലും, മറ്റിതര സംസ്ഥാനങ്ങളിലും കൂടാതെ വിദേശത്തും വിതരണം നടത്തി വരുന്നു.

മറ്റൊരു പൊതുമേഖലാ സ്ഥാപനമായ നാളികേര വികസന കോർപ്പറേഷൻ കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനികൾ ഉല്പാദിപ്പിക്കുന്ന നീര, നീര ഷുഗർ, നീര ഹണി, നീര ലഡു, നീര വിനിഗർ, വെളിച്ചെണ്ണ, ചമന്തിപ്പൊടി തുടങ്ങിയ ഉല്പന്നങ്ങൾ കോർപ്പറേഷന്റെ നേതൃത്വത്തിൽ വിപണനം നടത്തുന്നു. "കോക്കനട്ട് ഷോപ്പി" എന്ന പേരിൽ വില്പനശാലകളുടെ ഒരു പുതിയ സംരംഭം നാളികേര മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ വ്യാപനത്തിനായി നാളികേര വികസന കോർപ്പറേഷൻ ആരംഭിച്ചിട്ടുണ്ട്.

നീര ടെക്നീഷ്യൻ പരിശീലനം അടുത്ത സാമ്പത്തിക വർഷം നൽകുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് കോക്കനട്ട് ഡവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു. കൂടാതെ കോഴിക്കോട് ഏലത്തൂരിലെ നീര പ്ലാന്റിൽ പുതിയ സാങ്കേതിക വിദ്യയുപയോഗിച്ചുള്ള നീര നിർമ്മാണം അടുത്ത സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ തന്നെ ആരംഭിക്കുവാനുള്ള നടപടികളും അവസാന ഘട്ടത്തിലാണ്.

സംസ്ഥാനത്ത് കാർഷികോല്പന്നങ്ങളുടെ മൂല്യ വർദ്ധനവിനും, കർഷക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന കൃഷി വകുപ്പ് 2016 മുതൽ "വൈഗ" എന്ന ദേശീയതല സംരംഭകരുടെ പരിപാടികളും സംഘടിപ്പിച്ച് വരുന്നുണ്ട്.

Mayap

**സെക്ഷൻ ഓഫീസർ**